**File No.NREGA/372/2022-A3**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

തിയതി : 20/07/2022

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - Performance Appraisal ഫോർമിൽ Estimate Reversion Rate എന്ന ഘടകം മാറ്റി മറ്റൊരു ഘടകം ഉൾപ്പെടുത്തി ഫോം പരിഷ്കരിച്ച് നൽകണമെന്ന് - സംബന്ധിച്ച്.

സൂചന:

1. 08.07.22 തീയതിയിലെ എൻ .ആർ.ഇ.ജി.എ/372/2022-എ 3 നമ്പർ സർക്കുലർ
2. പത്തനംതിട്ട JPC യുടെ No.B.1240/2022/PAU-PTA, dtd.18.07.2022 ലെ കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ കരാർ പുതുക്കുന്നതിന് Performance Appraisal നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ സൂചന (1) പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ അപ്രൈസൽ ഫോമിൽ ജെപിസി തലത്തിൽ മാർക്ക് ഇടേണ്ടതിൽ എസ്റ്റിമേറ്റ് റിവെർഷൻ റേറ്റിന്റെ അടിസ്ഥാനത്തിൽ 5 മാർക്ക് നല്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ജില്ലാതലത്തിൽ എസ്റ്റിമേറ്റ് റിവർട് ചെയ്യുമ്പോൾ നിലവിൽ ബ്ലോക്ക് തല കണക്കുകൾ മാത്രമേ സൂക്ഷിക്കാറുള്ളൂ. ഓരോ ഗ്രാമ പഞ്ചായത്തിന്റെയും എസ്റ്റിമേറ്റ് റിവെർഷൻ വിവരങ്ങൾ ജില്ലാതലത്തിൽ നിലവിൽ ലഭ്യമല്ല എന്നു സൂചന രണ്ട് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ഘടകത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ സ്കോറുകൾ നല്കാൻ സാധിക്കുകയില്ല എന്നതിനാൽ ജില്ലാതലത്തിൽ മാർക്കുകൾ നല്കുമ്പോൾ ടി ഘടകത്തിനെ ഒഴിവാക്കി ഗ്രാമ പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുന്നതിന് നിർദേശിക്കുന്നു.

വിശ്വസ്തതയോടെ

JONT DEVELOPMENT COMMISSIONER